"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ - ആശ്രിത നിയമനത്തിന് പുതുക്കിയ വ്യവസ്ഥ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.27/2026/LBR തീയതി,തിരുവനന്തപുരം, 07-08-2026

---

പരാമർശം:-
1. സ.ഉ. (കൈ) നമ്പർ 95/2000/തൊഴിൽ തീയതി 05/10/2000
2. സ.ഉ.(പി) നം. 4/2025/ഉ.ഭ.പ.വ തീയതി 29/03/2025
3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 29/04/2026 ലെ 450-ാമത് യോഗതീരുമാനം.
4. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06/06/2026 - ലെ ഇ-593/2026 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്റ്റാഫ് നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങളിലെ, ചട്ടം 57(2) പ്രകാരം, ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് കാലാകാലങ്ങളിൽ ഇക്കാര്യത്തിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമനം നല്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (1) ലെ ചട്ടം 57(2) പ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ തസ്തികയിൽ നിലവിലുള്ളതോ ഭാവിയിൽ ഉണ്ടായേക്കാവുന്നതോ ആയ ഒഴിവിലേയ്ക്കാണ് ആശ്രിത നിയമനം നൽകിയിരുന്നത്. പരാമർശം (2) - ലെ ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ള ഒഴിവുകളിൽ ഓരോ 16-ാമത് ഒഴിവിലേക്കാണ് ആശ്രിത നിയമനം നൽകേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബോർഡിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ഓരോ 11-ാമത് ഒഴിവിലേയ്ക്ക് ആശ്രിത നിയമനം നൽകുന്നതിന് ബോർഡ്

പരാമർശം (3) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നതും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്റ്റാഫ് നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങളിലെ, ചട്ടം 57(2) പ്രകാരം, ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് കാലാകാലങ്ങളിൽ ഇക്കാര്യത്തിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമനം നല്കുന്നതാണ് എന്ന നിലവിലുള്ള വ്യവസ്ഥയ്ക്ക് പുറമെ, ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്ന തസ്തികയിൽ ഉണ്ടാകുന്ന ഓരോ 11-ാമത് ഒഴിവിലേക്കാണ് നിയമനം നൽകേണ്ടത് എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(3) പ്രസ്തുത വ്യവസ്ഥയ്ക്ക് അനുസൃതമായുള്ള ഭേദഗതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങളിൽ കൊണ്ടുവരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ്പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Nazeer A
Date: 10-08-2026
10:54:04

സെക്ഷൻ ഓഫീസർ